(ബി)

വർഷം	കാർഷികാദായ നികുതി	വിൽപ്പന നികുതി
1982-83	..	..
1983-84	21%	11%
1984-85	43%	22%

1985-86-ലെ താൽക്കാലിക കണക്കുപ്രകാരം ഏകദേശം 22% വർദ്ധനവുണ്ടായിട്ടുണ്ട്.

കാർഷികാദായ നികുതി കുടിശ്ശിക പിരിക്കുന്നതിന് നൽകിയ സ്റ്റേ ഉത്തരവുകൾ

219 [235] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982-83, 1983-84, 1984-85, 1985-86 എന്നീ വർഷങ്ങളിൽ കാർഷികാദായ നികുതിയിനത്തിൽ പിരിഞ്ഞു കിട്ടേണ്ട തുക ഈടാക്കുന്നതിൽ സർക്കാർ സ്റ്റേ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ വർഷവും എത്ര;

(സി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

ലോട്ടറി ടിക്കറ്റിന്റെ വിൽപ്പന നികുതി

220 [236] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി ടിക്കറ്റിന് വിൽപ്പന നികുതി ഏർപ്പെടുത്തിയത് എന്നു മുതലാണ്;

(ബി) വിൽപ്പന നികുതി ഏർപ്പെടുത്തിയതിനുശേഷം ടിക്കറ്റു വിൽപ്പനയിൽ 1986 ജൂൺ 10 വരെ കാട്ടിയ അധിക വരുമാനം എത്രയെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) 1-4-1986 മുതൽ.

(ബി) 1-4-1986 മുതൽ 10-6-1986 വരെയുള്ള കാലയളവിൽ ടിക്കറ്റുവിലയിനത്തിൽ വരവ്: 61,96,498 രൂപ.
വിൽപ്പന നികുതിയിനത്തിൽ വരവ്: 1,22,631.26 രൂപ.

LIBRARY ARCHIVES Kerala Legislative Assembly